# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 10.12.2024**

## പ്രധാനവാർത്തകൾ

1. ഭരണ-പ്രതിപക്ഷ വാഗ്വാദത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. രാജ്യസഭാധ്യക്ഷൻ ജഗ്ദീപ് ധൻകറിനെതിരെ അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകി പ്രതിപക്ഷം.
2. ദുരന്തപൂർവ പുനർനിർമാണത്തിന് ആവശ്യമായ വിഭവങ്ങൾ സംസ്ഥാനത്തിന് മാത്രമായി കണ്ടെത്താൻ കഴിയില്ലെന്ന് 16-ാം ധനകാര്യ കമ്മിഷനുമായുള്ള കൂടിക്കാഴ്ചയിൽ മുഖ്യമന്ത്രി പിണറായി വിജയൻ.
3. സംസ്ഥാനത്തെ 31 തദ്ദേശ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് ഇന്ന് നടന്നു. വോട്ടെണ്ണൽ നാളെ.
4. 29 -ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് വെള്ളിയാഴ്ച തിരശീല ഉയരും. ഡെലിഗേറ്റ് പാസ് വിതരണത്തിന് ഇന്ന് തുടക്കമായി.
5. അന്താരാഷ്ട്ര മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് നാടെങ്ങും വിപുലമായ ആഘോഷ പരിപാടികൾ.
6. സംസ്ഥാനത്ത് മഴ തുടരും . എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ മറ്റന്നാൾ ഓറഞ്ച് ജാഗ്രത

&&&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 1

### പാർലമെൻററ്

ഭരണ-പ്രതിപക്ഷ വാഗ്വാദത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. 12 മണി വരെ നിർത്തിവച്ച സഭാനടപടികൾ പിന്നീട് പുനരാരംഭിച്ചെങ്കിലും ബഹളം തുടർന്നതിനാൽ ഇന്നത്തേക്ക് പിരിയുകയായിരുന്നു. ലോക്സഭാ നടപടികൾ തുടർച്ചയായി തടസ്സപ്പെടുന്നതിൽ അതൃപ്തി പ്രകടിപ്പിച്ച സ്പീക്കർ ഓം ബിർള പ്രതിപക്ഷ എംപിമാരുടെ പെരുമാറ്റത്തെ രൂക്ഷമായി വിമർശിച്ചു. എന്നാൽ ഭരണപക്ഷമാണ് നടപടികൾ തടസ്സപ്പെടുത്തുന്നതെന്ന് പ്രതിപക്ഷം പ്രതികരിച്ചു. ഇതിനെതിരെ ഭരണപക്ഷ എംപിമാർ രംഗത്തു വന്നതോടെ സഭ കൂടുതൽ പ്രക്ഷുബ്ധമായി. രാജ്യസഭയിലും സമാന സംഭവങ്ങളാണ് അരങ്ങേറിയത്. ഡൽഹിയിലെ ക്രമസമാധാന പ്രശ്നങ്ങൾ ആം ആദ്മി എംപി സഞ്ജയ് സിങ്ങ് സഭയിൽ ഉന്നയിച്ചതിനെതിരെ ഭരണപക്ഷ എംപിമാർ രംഗത്തുവന്നതോടെ സഭ പ്രക്ഷുബ്ധമായി. തുടർന്ന് സഭാനടപടികൾ നിർത്തിവയ്ക്കുകയായിരുന്നു.

**&&&&&&&&&&&&&&&&&&&**

### അവിശ്വാസ പ്രമേയം

രാജ്യസഭാധ്യക്ഷൻ ജഗ്ദീപ് ധൻകരിനെതിരെ അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകി പ്രതിപക്ഷം. രാജ്യസഭാധ്യക്ഷനെന്ന നിലയിൽ പക്ഷപാതപരമായ സമീപനം പുലർത്തുന്നതായി ആരോപിച്ചാണ് ഐ.എൻ.ഡി.ഐ.എ എംപിമാർ അവിശ്വാസ പ്രമേയം കൊണ്ടുവരുന്നത്.

**&&&&&&&&&&&&&&&&&&&**

## ഹെഡ് ലൈൻ - 2

### മുഖ്യമന്ത്രി- ധനകാര്യ കമ്മീഷൻ

ദുരന്തപൂർവ പുനർനിർമാണത്തിന് ആവശ്യമായ വിഭവങ്ങൾ സംസ്ഥാനത്തിന് മാത്രമായി കണ്ടെത്താൻ കഴിയുന്നതല്ലെന്ന് 16-ാംം ധനകാര്യ കമ്മിഷനുമായുള്ള കൂടിക്കാഴ്ചയിൽ മുഖ്യമന്ത്രി പിണറായി വിജയൻ. ഈ പ്രശ്നത്തിൽ

RNU TVPM

സംസ്ഥാനത്തിന് സാമ്പത്തിക സഹായത്തിനുള്ള ശുപാർശ ധനകാര്യ കമ്മീഷൻ നടത്തണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. സംസ്ഥാനങ്ങളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും സമ്പത്തിക ശാക്തീകരണമാണ് ഫെഡറലിസത്തിന്റെ ആധാരശില. സംസ്ഥാനങ്ങൾക്ക് വിഭവങ്ങൾ നൽകുന്നതിനെ ഒഴിവാക്കാവുന്ന ഭാരമായി കാണുന്നത് ശരിയല്ലെന്നും ശ്രീ പിണറായി വിജയൻ വ്യക്തമാക്കി. യു.ഡി.എഫ് തയാറാക്കിയ നിർദ്ദേശങ്ങൾ ധനകാര്യ കമ്മിഷൻറെ പരിഗണനയ്ക്കായി സമർപ്പിച്ചതായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു.

സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം 41 ശതമാനത്തിൽ നിന്നും 50 ശതമാനമാക്കി ഉയർത്തണമെന്ന ആവശ്യം കമ്മീഷൻറെ ശ്രദ്ധയിൽപ്പെടുത്തിയതായും അദ്ദേഹം അറിയിച്ചു.

**&&&&&&&&&&&&&&&&&&&**

<u>ഹെഡ് ലൈൻ - 5</u>

**<u>മനുഷ്യാവകാശ കമ്മീഷൻ</u>**

RNU TVPM

കാലാവസ്ഥാ വ്യതിയാനം, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ മനുഷ്യാവകാശങ്ങൾക്ക് മേലുള്ള പുതിയ ഭീഷണികളാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. അന്താരാഷ്ട്ര മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ദിനാഘോഷ പരിപാടി മുൻ സുപ്രീം കോടതി ജഡ്ജി, ജസ്റ്റിസ് കെ. എം. ജോസഫ് ഉദ്ഘാടനം ചെയ്തു. അന്തസോടെ ജീവിക്കാനുള്ള അവകാശമാണ് മനുഷ്യാവകാശങ്ങളുടെ മുഖ്യശിലയെന്ന് അദ്ദേഹം ചടങ്ങിൽ പറഞ്ഞു.

**&&&&&&&&&&&&&&&&&&&**

## ഹെഡ് ലൈൻ - 3

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 31 തദ്ദേശ വാർഡുകളിൽ ഇന്ന് ഉപതിരഞ്ഞെടുപ്പ് നടന്നു. മലപ്പുറം ജില്ലാ പഞ്ചായത്തിലെ തൃക്കലങ്ങോട് വാർഡ് ഉൾപ്പെടെ പതിനൊന്ന് ജില്ലകളിലായി നാല് ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ, 23 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവിടങ്ങളിലായിരുന്നു ഉപതിരഞ്ഞെടുപ്പ്. വോട്ടെണ്ണൽ നാളെ നടക്കും.

&&&&&&&&&&&&&&&&&&&

## കരുതലും കൈത്താങ്ങും

കരുതലും, കൈത്താങ്ങും താലൂക്ക് തല പരാതി പരിഹാര അദാലത്ത് നെയാറ്റിൻകര, മല്ലപ്പള്ളി, വടകര, ചങ്ങനാശ്ശേരി, തലശ്ശേരി എന്നിവിടങ്ങളിൽ ഇന്ന് നടന്നു. മല്ലപ്പള്ളിയിലെ അദാലത്തിൻറെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിച്ചു. ചുവപ്പുനാടയിൽ കുടുങ്ങി കിടക്കുന്ന ആവശ്യങ്ങളിൽ ന്യായമായി ഇടപെടുകയും പരിഹരിക്കുകയും ചെയ്യുക എന്നതാണ് അദാലത്തുകളുടെ ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. വൈക്കത്ത് നടന്ന അദാലത്ത് മന്ത്രി വി എൻ വാസവനും, തലശ്ശേരിയിലെ അദാലത്ത് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയും ഉദ്ഘാടനം ചെയ്തു .

RNUTVPM

&&&&&&&&&&&&&&&&&&&

## ആർ ബിന്ദു

ഉന്നതവിദ്യാഭ്യാസ മേഖലയിലെ സമഗ്ര പരിഷ്കരണത്തിൻറെ ഭാഗമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ജെൻഡർ ഇക്വാളിറ്റി ആരംഭിക്കുമെന്ന് മന്ത്രി ആർ ബിന്ദു. കാലടി സർവകലാശാല കേന്ദ്രീകരിച്ചാണ് മികവിൻറെ കേന്ദ്രം സ്ഥാപിക്കുന്നത്. അടുത്ത വർഷം എല്ലാ കലാലയങ്ങളിലും ജെൻഡർ പാർലമെൻറുകൾ നടത്തുമെന്നും മന്ത്രി പറഞ്ഞു. നിയമസഭാ പുസ്തകോത്സവത്തിൻറെ പ്രചരണാർത്ഥം സെക്രട്ടേറിയേറ്റിലെ

പഴയ നിയമസഭാ ഹാളിൽ സംഘടിപ്പിച്ച മാതൃകാ വനിതാ നിയമസഭ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

**&&&&&&&&&&&&&&&&&&&**

**സ്റ്റാർട്ട് ഇന്ത്യ ഹാക്കത്തോൺ**

ഏഴാമത് സ്റ്റാർട്ട് ഇന്ത്യ ഹാക്കത്തോൺ ഫൈനൽ റൗണ്ടിന് നാളെ തുടക്കം. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ പരിപാടി ഉദ്ഘാടനം ചെയ്യും. കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എഞ്ചിനീയറിങ് കോളേജിൽ നടക്കുന്ന ഹാക്കത്തോണിൻറെ ഉദ്ഘാടനം ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു നിർവഹിക്കും. കേരളത്തിൽ നിന്നും ഹാക്കത്തോണിനായി തിരഞ്ഞെടുക്കപ്പെട്ട ഏക വിദ്യാഭ്യാസ സ്ഥാപനമാണ് അമൽജ്യോതി.

**&&&&&&&&&&&&&&&&&&&**

ഹെഡ് ലൈൻ - 4

**IFFK ഇൻട്രോ**

29 -ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് വെള്ളിയാഴ്ച തിരുവനന്തപുരത്ത് തുടക്കമാകും.
വൈകുന്നേരം ആറ് മണിക്ക് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും. ഉദ്ഘാടന ചിത്രമായ ഐ ആം സ്റ്റിൽ ഹിയർ ചടങ്ങിൽ പ്രദർശിപ്പിക്കും.
വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാപ്രതിനിധി രെജു കോലിയക്കോട്...........
(വോയിസ്)

**&&&&&&&&&&&&&&&&&&&**

**സജി ചെറിയാൻ-IFFK-**

IFFK ഡെലിഗേറ്റ് സെൽ ഉദ്ഘാടനവും, ഡെലിഗേറ്റ് പാസ് വിതരണവും മന്ത്രി സജി ചെറിയാൻ തിരുവനന്തപുരത്ത് നിർവ്വഹിച്ചു. ചലച്ചിത്ര താരങ്ങളായ മഹിമാ നമ്പ്യാരും ഷറഫുദ്ദീനും ചേർന്ന് ആദ്യ പാസ്സ് മന്ത്രിയിൽ നിന്ന് ഏറ്റു വാങ്ങി.

RNU TVPM

&&&&&&&&&&&&&&&&&&&

## വഞ്ചിയൂർ

വഞ്ചിയൂരിൽ റോഡ് അടച്ച് സി.പി.എം സമ്മേളനം നടത്തിയ സംഭവത്തിൽ പോലീസിനെതിരെ രൂക്ഷവിമർശനമുന്നയിച്ച് ഹൈക്കോടതി. ഗതാഗതം തടസ്സപ്പെടുത്തി സമ്മേളനങ്ങൾ നടത്തരുതെന്ന കോടതി ഉത്തരവുകൾക്ക് വിരുദ്ധമായ നടപടിയാണിതെന്ന് ഹൈക്കോടതി വിമർശിച്ചു. സംഭവത്തിൽ എന്ത് നടപടി സ്വീകരിച്ചെന്ന് സർക്കിൾ ഇൻസ്പെക്ടർ നേരിട്ട് ഹാജരായി വിശദീകരിക്കണമെന്നും കോടതി നിർദേശിച്ചു

&&&&&&&&&&&&&&&&&&&

## പി രാജീവ്-സംരംഭക സഭ

സംരംഭകവർഷം പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളം മുഴുവൻ സംരംഭക സഭകൾ സംഘടിപ്പിക്കുമെന്ന് മന്ത്രി പി രാജീവ്. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരം കാട്ടാക്കടയിൽ നിർവ്വഹിക്കും.

RNU TVPM

&&&&&&&&&&&&&&&&&&&

## ഗുരുവായൂർ ഏകാദശി

പ്രസിദ്ധമായ ഗുരുവായൂർ ഏകാദശി നാളെ. ഏകാദശിക്കായുള്ള മുന്നൊരുക്കങ്ങൾ ക്ഷേത്രത്തിൽ പൂർത്തിയായി. ചാവക്കാട് താലൂക്ക് പരിധിയിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇതോടനുബന്ധിച്ച് ജില്ലാകളക്ടർ നാളെ അവധി പ്രഖ്യാപിച്ചു. മുൻ നിശ്ചയിച്ച പ്രകാരമുള്ള പരീക്ഷകൾക്ക് അവധി ബാധകമല്ല.

&&&&&&&&&&&&&&&&&&&

## ആകാശവാണി കരോൾസന്ധ്യ

ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയം ഈ മാസം 14 ന് 'ശാന്തിഗീതം' കരോൾസന്ധ്യ സംഘടിപ്പിക്കുന്നു.

തിരുവനന്തപുരം വൈ.എം.സി. എ ഹാളിൽ നടക്കുന്ന സംഗീത വിരുന്നിൽ പ്രമുഖ ഗായക സംഘങ്ങൾ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&

**കാസർഗോഡ് - കുടുംബശ്രീ (ഇൻട്രോ)**

തീരദേശ അയൽകൂട്ടങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കാസർഗോഡ് ജില്ലാ കുടുംബശ്രീ മിഷൻ സംഘടിപ്പിക്കുന്ന കടലോളം 2024 തീരസംഗമത്തിന് വെള്ളിയാഴ്ച തുടക്കമാകും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ....

(വോയിസ്)

&&&&&&&&&&&&&&&&&&&&

**ഹെഡ് ലൈൻ - 6**

**മഴ മുന്നറിയിപ്പ്**

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് . എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ മറ്റന്നാൾ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കേരള തീരത്ത് ഈ മാസം 12, 13 തീയതികളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

PRDTVPM

&&&&&&&&&&&&&&&&&&&&

**ഓഹരി + സ്വർണം**

രാജ്യത്തെ ഓഹരി വിപണികൾ കാര്യമായ മാറ്റമില്ലാതെ ഇന്ന് വ്യാപാരം പൂർത്തിയാക്കി. ബോംബൈ ഓഹരി സൂചിക സെൻസെക്സ് രണ്ട് പോയിൻറ് നേട്ടത്തിൽ 81,510ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി ഒൻപത് പോയിൻറ് നേട്ടത്തിൽ 24,610ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

സ്വർണവില വർദ്ധിച്ചു. പവന് 600 രൂപ വർദ്ധിച്ച് 57,640 രൂപയും ഗ്രാമിന് 75 രൂപ വർദ്ധിച്ച് 7,205 രൂപയുമാണ് വില.

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&